**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1669** **15-03-2022 - ൽ മറുപടിയ്ക്ക്**

**സ്ഥിരം അദ്ധ്യാപകരുടെ സ്ഥലം മാറ്റം മൂലമുണ്ടായ പ്രതിസന്ധിയ്ക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ എളേരിത്തട്ട് ഇ.കെ.നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഭൂരിഭാഗം സ്ഥിരം അദ്ധ്യാപകർക്കും സ്ഥലംമാറ്റം ലഭിച്ചതു മൂലം കോളേജ് പ്രവർത്തനം പ്രതിസന്ധിയിലായത് അടിയന്തരമായി പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ; | (എ) | കാസർഗോഡ് ജില്ലയിലെ എളേരിത്തട്ട് ഇ.കെ.നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഇംഗ്ലീഷ് വിഷയത്തിലെ നാല് അധ്യാപകർക്കും ഫിസിക്സ് വിഭാഗത്തിലെ രണ്ട് അധ്യാപകർക്കും ഹിന്ദി വിഭാഗത്തിലെ ഒരാൾക്കും കഴിഞ്ഞ വർഷത്തെ പൊതുസ്ഥലമാറ്റ ഉത്തരവിൽ സ്ഥലംമാറ്റം നല്കിയിരുന്നു. ഇംഗ്ലീഷ് വിഭാഗത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം 2 പേർക്ക് നിയമനം നല്കിയിട്ടുണ്ട്. സ്ഥിരം അധ്യാപകരെ സ്ഥലം മാറ്റിയത് മൂലം വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കാൻ ദിവസവേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകരെ പകരം നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിൽ സ്ഥിരം അദ്ധ്യാപകരെ തന്നെ ഈ ഒഴിവുകളിൽ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രസ്തുത കോളേജിൽ നിലവിലുള്ള ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ